(ബി) പ്രസ്തുത നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ഏതെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത നഷ്ടം ഈടാക്കുന്ന വിഷയം ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. കോടതി വിധിക്കനുസൃതമായി തുടർനടപടി സ്വീകരിക്കാവുന്നതാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ദർഘാസ് വ്യവസ്ഥയിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

കണ്ണൂർ പറശ്ശിനിക്കടവ് ബസ് സർവ്വീസ്

310 (3822) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.യു.ആർ.റ്റി.സി.-യുടെ എ.സി. ലോ ഫ്ലോർ ബസ് സർവ്വീസ് കണ്ണൂരിൽ നിന്നും പറശ്ശിനിക്കടവ് ക്ഷേത്രത്തിലേക്ക് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരത്ത് നിന്നും മാവേലി , മാംഗളൂർ, മലബാർ എന്നീ എക്സ്പ്രസ് ട്രെയിനുകൾ കണ്ണൂരിൽ എത്തിച്ചേരുമ്പോൾ റെയിൽവേ സ്റ്റേഷനിൽ നിന്നും എ.സി. ലോ ഫ്ലോർ സർവ്വീസ് ആരംഭിക്കുമോ;

(സി) മലബാർ മേഖലയിൽ കെ.യു.ആർ.റ്റി.സി. യുടെ എ.സി. ലോ ഫ്ലോർ ബസ്സ് അനുവദിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് JnNURM ബസുകൾ അനുവദിക്കുന്നത്. പ്രസ്തുത DPR പ്രകാരം കണ്ണൂർ ഡിപ്പോയ്ക്ക് എ.സി. ലോ ഫ്ലോർ നൽകുവാൻ നിർദ്ദേശിച്ചിട്ടില്ല. ആയതിനാൽ കണ്ണൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എ.സി. ലോ ഫ്ലോർ സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല.

(ബി) NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് JNNURM ബസുകൾ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുന്നത്. പ്രസ്തുത DPR പ്രകാരം കണ്ണൂർ ഡിപ്പോയ്ക്ക് എ.സി. ലോ ഫ്ലോർ നൽകുവാൻ നിർദ്ദേശിച്ചിട്ടില്ല. ആയതിനാൽ എ.സി. ലോ. ഫ്ലോർ സർവ്വീസ് അനുവദിച്ച് നൽകാൻ നിർവ്വാഹമില്ല.

(സി) മലബാർ മേഖലയ്ക്ക് കെ.യു.ആർ.ടി.സി. 29 എ.സി. ലോ ഫ്ലോർ ബസുകൾ അനുവദിച്ചിട്ടുണ്ട്. മലപ്പുറം (8 A/c), കോഴിക്കോട് (15 A/c) വയനാട് (6 A/c) എന്നിങ്ങനെ 29 ബസുകൾ അനുവദിച്ചിട്ടുണ്ട്.

വേണാട്-എൽ.എസ്.ന് പൂവണത്തുംമൂട് സ്റ്റോപ്പ് അനുവദിക്കൽ

311 (3823) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴ -കൊല്ലം റൂട്ടിൽ ചെയിൻ സർവ്വീസ് നടത്തുന്ന വേണാട്-ലിമിറ്റഡ് സ്റ്റോപ്പ് ബസ്സിന് പൂവണത്തുംമൂട് സ്റ്റോപ്പ് അനുവദിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി ഉത്തരവ് പുറപ്പെടുവിച്ചിട്ട് ഒരു വർഷത്തിലേറെ ആയെങ്കിലും ആയത് നടപ്പിൽ വരുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഗതാഗതവകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം സ്ഥലം എം.പി. നൽകിയ ഉറപ്പ് പാലിക്കപ്പെടാതിരിക്കുന്നതിന്റെ സാഹചര്യം വിശദമാക്കുമോ; കെ.എസ്.ആർ.ടി.സി നൽകിയ ഉത്തരവ് പ്രകാരം പ്രസ്തുത സ്റ്റോപ്പ് എന്നുമുതൽ നിലവിൽ വരും എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ ഏന്തെല്ലാമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ - സി) കൊല്ലം- കുളത്തുപുഴ റൂട്ടിലെ പൂവണത്തുംമൂട് എന്ന സ്ഥലത്ത് 20-5-2014-ന് പരീക്ഷണാർത്ഥം കെ.എസ്.ആർ.ടി.സി.യുടെ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസിന് റിക്വസ്റ്റ് സ്റ്റോപ്പ് അനുവദിക്കുകയുണ്ടായി. 65 കിലോമീറ്റർ ദൈർഘ്യമുള്ള കൊല്ലം-കുളത്തുപ്പുഴ റൂട്ടിൽ ടി സർവ്വീസിന് അനുവദിച്ചിരിക്കുന്ന സമയപരിധി രണ്ട് മണിക്കൂർ 10 മിനിട്ട് ആണ്. ടി ദൂരത്തിൽ 26 ഫെയർ സ്റ്റേജുകളും 44 സ്റ്റോപ്പുകളും അനുവദിച്ചിട്ടുള്ളതിൽ അധികമായിട്ടാണ് പരീക്ഷണാർത്ഥം പൂവണത്തുംമൂട്ടിലും സ്റ്റോപ്പ് അനുവദിച്ചത്. തൽഫലമായി സർവ്വീസിന്റെ സമയകൃത്യത പാലിക്കുവാൻ കഴിയാതെ വരികയും, യാത്രക്കാർക്ക് ടി സർവ്വീസിൽ യാത്ര ചെയ്യുവാനുള്ള താൽപര്യം കുറയുകയും ചെയ്ത സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly